LIBRARY ARCHIVES Kerala Legislative Assembly

ലക്ചറർ ഡോ.പി.വി.ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ്

10 (1027) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർ ഇവാനിയോസ് കോളേജിൽനിന്നും വിരമിച്ച സെലക്ഷൻ ഗ്രേഡ് ലക്ചറർ ഡോ. പി. വി. ജോർജിന് അഡ്വാൻസ് ഇൻക്രിമെന്റ് നൽകുന്നത് സംബന്ധിച്ച ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 34180/സി/2012/ഹയർ എഡ്യൂക്കേഷൻ നമ്പർ ഫയൽ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നോ ;

(ബി) പ്രസ്തുത കേസിൽ തീരുമാനം എടുക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ 42037/ഇ.ഡി.എൻ/സി2/ഫിൻ ഫയലിൽ ആവശ്യമായ വിശദാംശങ്ങൾ സഹിതം സമർപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവോ ; ധനകാര്യ വകുപ്പിന് ആവശ്യമായ വിശദാംശങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അയച്ചിരുന്നു.

(ബി&സി) ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട വിശദാംശങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ കഴിയില്ലെന്ന വിവരം അറിയിച്ച് ഫയൽ വീണ്ടും ആ വകുപ്പിലേയ്ക്ക് അയച്ചു. തുടർന്ന് ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഡോ.പി.വി.ജോർജിന് മുൻകൂർ ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച അഭിപ്രായം 1191/ഡി1/2012/ഉ.വി.വ. നമ്പർ ഫയലിൽ രേഖപ്പെടുത്തി നൽകി 34180/സി3/2012/ഉ.വി.വ. നമ്പർഫയൽ തീർപ്പാക്കിയിട്ടുണ്ട്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് സീറ്റുകൾ

11 (1028) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജ്മെന്റ് സീറ്റുകളിലെ പ്രവേശനത്തിന് കണക്കിന് മാർക്കിളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) അഖിലേന്ത്യാ സാങ്കേതിക കൗൺസിലിന്റെ നിബന്ധന പ്രകാരം കണക്ക്, ഫിസിക്സ്, കെമിസ്ട്രി, എന്നീ വിഷയങ്ങൾക്ക് 45 ശതമാനം ശരാശരി മതിയെന്ന് ശിപാർശയുണ്ടോ ;

(സി) യോഗ്യതാ മാർക്ക് ഒഴിവാക്കണമെന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷന്റെ നിവേദനത്തിന്മേൽ എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 4-6-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ236/15/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സ്വാശ്രയ മാനേജ്മെന്റ് സീറ്റിലെ എഞ്ചിനീയറിംഗ് പ്രവേശനത്തിന് യോഗ്യതാ മാർക്കിൽ ഇളവ് വരുത്തി കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിൽ മൊത്തമായി 45% മാർക്ക് നേടിയാൽ മതിയാവുന്നതാണ്. ഇപ്രകാരം പ്രോസ്പെക്ടസ് ഭേദഗതി വരുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

സ്കോളർ സപ്പോർട്ട് പ്രോഗ്രാം

12 (1029) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതി എയ്ഡഡ് കോളേജുകളിൽ കൂടി നടപ്പാക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതി അനുസരിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനം നടത്തുവാൻ വേണ്ടിയുള്ള സ്പെഷ്യൽ ക്ലാസ്സുകൾ നൽകിവരുന്നു. കേരളത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ ആർട്സ് & സയൻസ് കോളേജിലാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly